(ബി) ഇതു് ഇനിയും പുറത്തുവിടാൻ താമസിക്കുന്നതു് എന്തുകൊണ്ടു്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) & (ബി) പ്രസ്തുത സംഗതികളെപ്പറ്റി ഫെബ്രുവരി 27-ാംതീയതി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്താവന നോക്കുക. അതു മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: അതു് പ്രസ്താവനയിൽനിന്നും ഗവണ്മെണ്ടിന്റെ കയ്യിൽ കിട്ടുന്നതിനു് ഇനി എത്ര താമസം വേണ്ടിവരും?

മിസ്റ്റർ കെ. അയ്യപ്പൻ: വളരെ താമസം വരുമെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: എങ്കിലും എത്ര താമസമുണ്ടാകും

മിസ്റ്റർ കെ. അയ്യപ്പൻ: വേഗം അച്ചടിച്ചു കിട്ടുന്നതാണു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഉടനെ എന്നുള്ളതിനു വല്ല പരിധിയും കല്പിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉടനെ എന്നു പറയുന്നതു കഴിയുന്നതും വേഗം എന്നു നിശ്ചയിക്കാം.

Mr. President : I would request Hon'ble members not to prolong the questions unnecessarily, because we have to cover a large number of questions. As far as possible, all the questions should be reached, and that will serve a public purpose.

മിസ്റ്റർ സി. വി. ഈപ്പു: ഒരു മാസത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തുവാൻ നോക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ; നോക്കാം.

EXEMPTION OF TEACHERS OVER 35 YEARS OF AGE FROM TRAINING

43. (287) **Mr. K. A. Achuthan** *(Nominated):* Will Government be pleased to state.—

(*a*) whether teachers over 35 years of age are exempted from training;
(*b*) if so, are they given all the privileges granted to Secondary trained teachers;
(*c*) if not, why;
(*d*) the number of teachers thus exempted or not called for training ?

Mr. C. A. Ouseph *(Minister for Education and Public Health):*

(*a*) No.
(*b*) No answer is called for in view of answer to (*a*).
(*c*) No answer is called for in view of answer to (*a*).
(*d*) 428 teachers were not called for training.

43. (287) **Mr. K. A. Achuthan** *(Nominated):* May I know why the 428 teachers were not called for training in spite of their long service.

Mr. C. A. Ouseph *(Minister for Education and Public Health):* The convenience available for training the teachers has stood in the way.

Mr. K. Achuthan *(Nominated)* It is known that there was some order exempting these teachers from training.

Mr. C. A. Ouseph *(Minister for Education and Public Health)*: It is not exactly exemption. It is said that they need not go for training. But they will not get the privileges of teachers who are trained.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അങ്ങിനെ ട്രെയിനിംഗിനു വിളിക്കാത്തവർക്കുവേണ്ട ആനുകൂല്യം ചെയ്തുകൊടുക്കാതിരുന്നാൽ അവർക്കു വളരെ സങ്കടം അനുഭവിക്കേണ്ടിവരികയില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പു്: കുറച്ചുസങ്കടമുണ്ടാകുവാൻ വഴിയുണ്ടു്.

Mr. P. K. Dewer *(Labear)* What does Goverment mean by saying 'not exactly exemption'?

മിസ്റ്റർ സി. എ. ഔസേപ്പു്: Exempt ചെയ്തിട്ടില്ല. Exempt ചെയ്താൽ അവർക്കു ചില അവകാശങ്ങളുണ്ടു്. നാലുകൊല്ലംകഴിഞ്ഞവരെ Exempt ചെയ്യുന്നില്ലെങ്കിലും അവരെ ട്രെയിനിംഗിനു അയക്കാറില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ട്രെയിനിംഗിനുപോകുവാൻ തയ്യാറുള്ളവരെ ട്രെയിനിംഗിനു വിളിക്കുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമൊ?

മിസ്റ്റർ സി. എ. ഔസേപ്പു്: അവരുടെ സ്വന്തം ചിലവിൽ ട്രെയിനിംഗിനു പോകുവാൻ വിരോധമില്ല.

മിസ്റ്റർ വി. കെ. ജോസഫ്: നാലും സ്വീസ്സുകാരെ സ്റ്റൈപ്പൻഡ്കൊടുത്തു് ഗവണ്മെണ്ടിൽനിന്നും ട്രെയിനിംഗിനു വിളിച്ചതായിട്ടു അറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഇവർ ട്രെയിനിംഗിനു പോകാതിരുന്നതു് അവരുടെ കുറ്റംകൊണ്ടാണെന്നു ഗവൺമെണ്ടിനു പറയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ചിലപ്പോൾ അവരുടെ കുറ്റംകൊണ്ടായിരിക്കാം. ചിലപ്പോൾ അവരുടെ കുറ്റംകൊണ്ടല്ലാതെയുമാവാം.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: സാധാരണ ഗവൺമെണ്ടു് സർവ്വീസ്സിലുള്ളവരെ ട്രെയിനിംഗിനു വിളിക്കുകയല്ലെ പതിവു്?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ സി. വി. ഇയ്യു: ഇതിൽ Graduate ടീച്ചേഴ്സ് എത്രയുണ്ടാകും?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഇനിയെങ്കിലും നമ്മുടെ കൊല്ലം സർവ്വീസുള്ളവരെ ട്രെയിനിംഗിൽനിന്നും ഒഴിവാക്കുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: എൽ. ടി. ക്കാരല്ലാത്തവരെ സ്കൂൾ ഇൻസ്പെക്ടരായി നിയമിക്കാമെങ്കിൽ എന്തുകൊണ്ടു് മുപ്പത്തഞ്ചുകൊല്ലം Service ആയിട്ടുള്ളവരെ Trainingൽ നിന്നു ഒഴിവാക്കുവാൻ പാടില്ല?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു വലിയൊരു അഭിപ്രായവ്യത്യാസമുള്ള ചോദ്യമാണു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ട്രെയിനിംഗിനു വിളിക്കാത്തതു് അവരുടെ കുറ്റംകൊണ്ടല്ലെങ്കിൽ അവർക്കു് ആനുകൂല്യങ്ങളും നിഷേധിക്കുന്നതു മര്യാദകേടാണെന്നു ഗവൺമെണ്ടിനു തോന്നുന്നുണ്ടോ?.

മിസ്റ്റർ സി. എ. ഔസേപ്പ്: അതിൽ മര്യാദകേടു് എന്ന വാക്കുമാറ്റിവെച്ചിട്ടു് ട്രെയിനിങ്ങിനെപ്പറ്റി ആലോചിക്കാം. നമുക്കു് ട്രെയിനിങ്ങിനു് വളരെ പരിമിതമായ കഴിവാണുള്ളതു്. ആ പരിമിതമായ കഴിവുവെച്ചുകൊണ്ടു് ചുരുക്കംപേർക്കു ട്രെയിനിങ്ങു് കൊടുപ്പാൻ നിവൃത്തിയുള്ളു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഗവൺമെണ്ടിന്റെ പ്രവർത്തനദോഷംകൊണ്ടു് സാധുക്കളായ അദ്ധ്യാപകന്മാർ നഷ്ടംസഹിക്കണമെന്നാണോ പറയുന്നതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: ഗവൺമെണ്ടിന്റെ പ്രവർത്തിദോഷം എന്നുപറഞ്ഞതു ശരിയല്ല. ഗവൺമെണ്ടിന്റെ കഴിവു വളരെ ചുരുങ്ങിയതാണു്.

മിസ്റ്റർ സി. വി. ഇയ്യു: ഇങ്ങിനെയുള്ള പരിതഃസ്ഥിതിയിൽ ട്രെയിനിങ്ങു് കോളേജു് Abolish ചെയ്യുവാൻ പോകുന്നതു് ശരിയാണോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു് Abolish ചെയ്യണമോ വേണ്ടയോ എന്ന കാര്യം തീർച്ചപ്പെടുത്തീട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: നമ്മുടെ കൊല്ലം സർവീസുള്ള ആളുകളെ ട്രെയിനിങ്ങിനു വിളിക്കാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: സർവീസുള്ള ആളുകളെ ട്രെയിനിങ്ങിനു് Encourage ചെയ്യണമെന്നുള്ളതാണു് ഗവൺമെണ്ടിന്റെ നയം.

PEECHI IRRIGATION SCHEME—INFORMATION REGARDING

44. (263) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) പീച്ചി ഇറിഗേഷൻ സ്കീം പൂർണ്ണമായി നടപ്പിൽ വരുവാൻ എത്ര കൊല്ലം വേണമെന്നാണു ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്;

(ബി) ഈ പദ്ധതിക്കു് ആകെ എത്ര ചിലവു വേണ്ടിവരുമെന്നാണു കണക്കാക്കിയിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly